**15 -ാം കേരള നിയമസഭ**

**12 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 133** **07-10-2024 - ൽ മറുപടിയ്ക്ക്**

**മുഹമ്മദ് ആട്ടൂരിന്റെ തിരോധാനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ ,<br>ശ്രീ. മഞ്ഞളാംകുഴി അലി ,<br>ശ്രീ. പി. അബ്ദുൽ ഹമീദ്,<br>ശ്രീ. ടി. വി. ഇബ്രാഹിം | | ശ്രീ. പിണറായി വിജയൻ<br>(മുഖ്യമന്ത്രി) | |
| (എ) | കോഴിക്കോട്ടുള്ള റിയൽ എസ്റ്റേറ്റ് ഇടനിലക്കാരനും വ്യവസായിയുമായ മാമി എന്ന മുഹമ്മദ് ആട്ടൂരിനെ 2023 ഓഗസ്റ്റ് 21 മുതൽ കാണാതായ സംഭവത്തിന് സ്വർണ്ണ കള്ളക്കടത്തു സംഘങ്ങളുമായി ബന്ധമുള്ളതായി കണ്ടെത്തിയിട്ടുണ്ടോ; | (എ) | ഇതുവരെയുള്ള അന്വേഷണത്തിൽ പോലീസ് കണ്ടെത്തിയിട്ടില്ല. |
| (ബി) | പ്രസ്തുത കേസിന്റെ അന്വേഷണം തൃപ്തികരമല്ലെന്ന് പരാതി ഉണ്ടായിട്ടുണ്ടോയെന്നും ഈ കേസിന്റെ നിലവിലെ സ്ഥിതി എന്താണെന്നും വ്യക്തമാക്കുമോ? | (ബി) | മാമി എന്ന മുഹമ്മദ് ആട്ടൂരിനെ കാണാതായ സംഭവവുമായി ബന്ധപ്പെട്ട് നടക്കാവ് പോലീസ് സ്റ്റേഷനിൽ രജിസ്റ്റർ ചെയ്ത സ്പെഷ്യൽ ഇൻവെസ്റ്റിഗേഷൻ ടീം അന്വേഷിച്ചു വന്ന ക്രൈം നമ്പർ. 1010/2023 U/s 57 of KP Act പ്രകാരമുള്ള കേസിന്റെ അന്വേഷണത്തെ സംബന്ധിച്ച് കാണാതായ വ്യക്തിയുടെ ബന്ധുക്കൾ ഉൾപ്പെടെയുള്ളവർ പരാതികൾ നൽകിയതിനെ തുടർന്ന് കേസ് ഊർജ്ജിതമായി അന്വേഷിക്കുന്നതിലേക്കായി സംസ്ഥാന ക്രൈം ബ്രാഞ്ചിന് കൈമാറിയിട്ടുള്ളതും ക്രൈം ബ്രാഞ്ച് കോഴിക്കോട് റേഞ്ച് ഐ.ജി.പി യുടെ മേൽനോട്ടത്തിലുള്ള സ്പെഷ്യൽ ടീം ഇക്കാര്യത്തിൽ കാര്യക്ഷമമായി അന്വേഷണം നടത്തി വരുന്നു. |

സെക്ഷൻ ഓഫീസർ